## ഏലിയ സ്ലീവാക്കാലം ആറാം ഞായർ

**മത്താ 15:21-28**

### യേശുവും കാനാൻകാരിയും: സംവാദമോ, വിവാദമോ?

**റവ.ഡോ. ജോയ്സ് കൈതക്കോട്ടിൽ**

മത്തായിയുടെ സുവിശേഷത്തിൽ കൊടുത്തിരിക്കുന്ന ഈ ഭാഗം പ്രധാനമായും ഒരു സംവാദമാണ്. കാനാൻകാരി സ്ത്രീ ഈ ഭാഗത്ത് മൂന്നു പ്രാവശ്യം (22, 25, 27) സംസാരിക്കുന്നുണ്ട്. യേശു രണ്ടു പ്രാവശ്യം ആ സ്ത്രീയോടും ഒരു പ്രാവശ്യം ശിഷ്യന്മാരോടും സംസാരിക്കുന്നുണ്ട് (23, 24, 28).

സാധാരണ യേശുവിന്റെ എതിരാളികളാണ് യേശുവിനോട് എതിർ ചോദ്യം ചോദിക്കുന്നത്. ഈ സുവിശേഷഭാഗത്ത് യേശു കാനാൻകാരിയോട് എതിർചോദ്യം ഉന്നയിക്കുന്നു. കാനാൻകാരി സ്ത്രീ തന്റെ മറുപടിയിലൂടെ യേശുവിനെ "തിരുത്തുന്നു".

അവളുടെ ആദ്യത്തെ സംബോധന ആദിമ ക്രൈസ്തവ സഭാസമൂഹത്തിൽ ഉപയോഗിച്ചിരുന്ന വിശ്വാസത്തിന്റെയും ആരാധനയുടെയും ഭാഷയാണ്. "കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ". യേശുവിന്റെ ഭാഗത്തുനിന്നും വായനക്കാർ പ്രതീക്ഷിക്കുന്ന രീതിയിലുള്ള അനുകമ്പാർഹമായ മറുപടി ആ സ്ത്രീക്ക് ലഭിക്കാതെ വരുന്നുണ്ട്. എന്നാൽ അവൾ അവനെ പ്രണമിക്കുന്നു. അത് ക്രൈസ്തവ ആരാധനയുടെ ശരീരഭാഷയാണ്. തുടർന്ന് അവൾ യേശുവിനെ "കർത്താവേ" എന്ന് സംബോധന ചെയ്യുന്നു.

ആ സ്ത്രീയുടെ ഉറച്ചവിശ്വാസത്തിന്റെ നിലപാടിലൂടെയാണ് അവൾ തന്റെ ആവശ്യം നേടിയെടുക്കുന്നത്. യേശു ആ സ്ത്രീയുടെ വിശ്വാസത്തെ പ്രകീർത്തിക്കുന്നു.

ആദിമ ക്രൈസ്തവസഭയുടെ പ്രേഷിതദൗത്യത്തിൽ യഹൂദ ക്രൈസ്തവരുടെ നിലപാട് എന്നും പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. വിജാതീയരെ സഭാസമൂഹത്തിലേക്ക് സ്വീകരിക്കുന്നതിനെ ചൊല്ലിയുള്ള വിവാദത്തിന് ഈ സംഭവം ഉത്തരമാകുന്നു. യേശു തന്നെ തന്റെ ദൗത്യം വിജാതീയരുടെയിടയിലേക്ക് വ്യാപിപ്പിച്ചു എന്നത് തന്നെ ആദിമസഭയിൽ നിലനിന്നിരുന്ന പ്രശ്നപരിഹാരത്തിന് സഹായകമായി.

വിജാതീയരുടെയിടയിലുള്ള പ്രേഷിതദൗത്യത്തെക്കുറിച്ച് മത്തായിയുടെ സമൂഹത്തിൽ നിലനിന്നിരുന്ന ആശയകുഴപ്പം മാറ്റാൻ വേണ്ടി കൂടിയാകണം മത്തായി സുവിശേഷകൻ ഈ സംഭവം വിവരിക്കുന്നുണ്ട്. "നിങ്ങൾ വിജാതീയരുടെയടുത്തേക്ക് പോകരുത്... ഇസ്രായേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്ക് പോകുവിൻ" എന്ന യേശുവിന്റെ വാക്കുകളെ അടിസ്ഥാനമാക്കി വിജാതീയരുടെയിടയിലുള്ള പ്രേഷിതദൗത്യത്തിൽ നിന്നും വിട്ടുനില്ക്കാനുള്ള പ്രവണതയ്ക്കെതിരെയുള്ള പ്രബോധനമായും ഈ സംഭവത്തെ കാണാം. യേശുവിന്റെ നിലപാട് ഈ സംഭവത്തിലൂടെ വ്യക്തമാക്കപ്പെടുന്നു. വിജാതീയരുടെയിടയിലും ദൈവരാജ്യപ്രഘോഷണം നടത്തണമെന്ന് വ്യക്തമായ സന്ദേശമാണ് നല്കുന്നത്.

ദൈവത്തിന്റെ രക്ഷാകരപദ്ധതി പ്രഥമമായി യഹൂദർക്കുള്ളതാണ് (10:6; 15:24) എന്ന ദൈവശാസ്ത്ര സങ്കല്പത്തെ തിരുത്തുന്നതു കൂടിയാണ് ഈ സംഭവം. ദൈവീക കാരുണ്യത്തിനും മനുഷ്യന്റെ വിശ്വാസത്തിനും തടസ്സമായി ഒരു ദൈവശാസ്ത്രത്തിനും നിലനില്പില്ല. ദൈവത്തിന്റെ പദ്ധതിയെ ഒരു പ്രത്യയശാസ്ത്രത്തിന്റെയുള്ളിലും തളച്ചിടാനാവില്ല. മുകളിൽ പറഞ്ഞ രീതിയിലുള്ള ദൈവശാസ്ത്ര സങ്കല്പങ്ങളെ നിരന്തരം നമ്മൾ വെല്ലുവിളിച്ചുകൊണ്ട് വിശ്വാസത്തെക്കുറിച്ചുള്ള നമ്മുടെ തെറ്റായ ധാരണകൾ തിരുത്തപ്പെടുകയെന്നതും ഈ സംഭവം നമ്മുടെ മുന്നിൽ ഉയർത്തുന്ന പ്രമേയമാണ്.

യേശുവിന്റെ സഭാസമൂഹത്തെ വെറും ഒരു സമുദായമായി ചുരുക്കാനുള്ള സമകാലിക പരിശ്രമങ്ങളെ വെല്ലുവിളിക്കുന്ന ഒരു സുവിശേഷഭാഗമാണിത്. എല്ലാ അതിരുകളെയും ലംഘിച്ചു,

എല്ലാവരെയും ഉൾക്കൊണ്ട് മുന്നേറേണ്ട ഒരു സമൂഹമാണ് ക്രൈസ്തവസമൂഹം എന്ന അവബോധം ഈ സംഭവം തരുന്നു. ഈ സംഭവം മറ്റൊരർത്ഥത്തിൽ നമ്മുടെ ഇടയിൽ നിലനിൽക്കുന്ന വംശീയതയെയും വെല്ലുവിളിക്കുന്നു. നായ്ക്കളും യജമാനന്മാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ എന്ന കാനാൻകാരി സ്ത്രീയുടെ പ്രസ്താവനയുടെ പിന്നിൽ ദൈവത്തിന്റെ സാർവത്രികമായ പരിപാലനയുടെ ധ്വനിയില്ലേ. ദൈവം എല്ലാവർക്കും ഭക്ഷിക്കാൻ നല്കുന്നുണ്ടല്ലോ. അതുകൊണ്ട് എനിക്കും അർഹതയുണ്ട്.

ഒരു സ്ത്രീയുടെ വാദത്തിന്റെ മുൻപിൽ തോറ്റു കൊടുക്കുവാനും അവൾ ഉന്നയിച്ച പ്രശ്നത്തെ മനസ്സിലാക്കി അതിനനുസരിച്ച് പ്രതികരിക്കാനുമുള്ള യേശുവിന്റെ മനോഭാവം നമ്മുടെ മുൻപിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുന്നു.